പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1141 — 04.02.2019-ൽ മറുപടിയ്ക്ക്

## തിരുവനന്തപുരത്തെ മേൽപ്പാലങ്ങളുടെ നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ.മുരളീധരൻ** | | **ശ്രീ.ജി.സുധാകരൻ** **(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) തിരുവനന്തപുരത്ത് ഉള്ളൂരിലും ശ്രീകാര്യത്തും പട്ടത്തും നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള മേൽപ്പാലങ്ങളുടെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്താമോ;<br><br>(ബി) ഇവയുടെ സാമൂഹികാഘാത പഠനം പൂർത്തിയാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) & (ബി) | തിരുവനന്തപുരത്ത് ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കാൻ ആവശ്യമായ സ്ഥലമെടുപ്പിനുള്ള പ്രക്രിയ പുരോഗമിച്ചു വരികയാണ്. ഇതിൽ ശ്രീകാര്യത്ത് സ്ഥലമെടുപ്പ് പ്രക്രിയയുടെ ഭാഗമായ സാമൂഹികാഘാത പഠനം പൂർത്തിയായി. ഉള്ളൂരിൽ പ്രസ്തുത പഠനം പുരോഗമിച്ചു വരുന്നു. പട്ടം മേൽപ്പാലത്തിന്റെ സാമൂഹികാഘാത പഠനം അടുത്തു തന്നെ ആരംഭിക്കുന്നതാണ്. സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| (സി) പ്രസ്തുത ആവശ്യത്തിനായി എത്ര ഏക്കർ സ്ഥലമാണ് ഓരോ സ്ഥലത്തും ഏറ്റെടുക്കേണ്ടതെന്നും എത്ര കുടുംബങ്ങളെ കുടിയൊഴിപ്പിക്കണമെന്നും കണ്ടെത്തിയിട്ടുണ്ടോ; | (സി) | ഡി.എം.ആർ.സി. തയ്യാറാക്കി സമർപ്പിച്ച രൂപരേഖ പ്രകാരം ശ്രീകാര്യം - 3.28 ഏക്കർ, ഉള്ളൂർ - 1.41 ഏക്കർ, പട്ടം - 0.57 ഏക്കർ എന്നിങ്ങനെയാണ് സ്ഥലമെടുപ്പിന്റെ തോത്. ശ്രീകാര്യത്ത് നടന്ന സാമൂഹികാഘാത പഠനത്തിൽ നിന്ന് ലഭിച്ച വിവരമനുസരിച്ച് എട്ട് വീടുകൾ (8) പ്രസ്തുത സ്ഥലമെടുപ്പിൽ പൂർണ്ണമായും ബാധിക്കപ്പെടുന്നുണ്ട്. |
| (ഡി) മേൽപ്പാലത്തിന് സ്ഥലമേറ്റെടുക്കുമ്പോൾ റോഡിന്റെ രണ്ട് വശത്ത് നിന്നും തുല്യമായി സ്ഥലമേറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | നിലവിൽ സർക്കാർകൈവശം ലഭ്യമായിട്ടുള്ള ഭൂമിയുടെ തോത്, ലൈറ്റ് മെട്രോയുടെ സാങ്കേതിക ആവശ്യങ്ങൾ എന്നിവ പരിഗണിച്ച് ഏറ്റവും കുറഞ്ഞ തോതിൽ സ്ഥലമെടുപ്പ് ആവശ്യമായി വരുന്ന രീതിയിൽ ആണ് ഡി.എം.ആർ.സി. പ്രസ്തുത രൂപരേഖകൾ തയ്യാറാക്കിയിട്ടുള്ളത്. മേൽപ്പറഞ്ഞ കാരണങ്ങളാൽ ഇരുവശത്തു നിന്നും സ്ഥലമെടുപ്പിന്റെ വിസ്തീർണ്ണത്തിൽ വ്യത്യാസം ഉണ്ട്. |

സെക്ഷൻ ഓഫീസർ